"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട്- 2014-15 ഇടുക്കി നിയോജക മണ്ഡലം- കട്ടപ്പന ഗ്രാമപഞ്ചായത്തിലെ മത്സ്യ മാർക്കറ്റിന് മേൽക്കൂര നിർമ്മാണം എന്ന പ്രവൃത്തിയുടെ നിർവ്വഹണ ചെലവ് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ നിയന്ത്രണത്തിലുള്ള 4515-00-800-96 Project under LAC-ADS (NP) എന്ന ശീർഷകത്തിലേക്ക് മാറ്റി ഭരണാനുമതി പുതുക്കി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

**സ.ഉ.(സാധാ) നം.152/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/01/2021

---

പരാമർശം:- 1 12.01.2016-ലെ സ. ഉ. (സാധാ) നമ്പർ: 113/2016/തസ്വഭവ.

2 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 14.10.2020 ലെ ഡിബി 6/15041/2019/CE/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

ബഹു: ഇടുക്കി എം.എൽ.എ ശ്രീ റോഷി അഗസ്റ്റിൻ അവർകളുടെ 2014-15 വർഷത്തെ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കട്ടപ്പന ഗ്രാമപഞ്ചായത്തിലെ മത്സ്യ മാർക്കറ്റിന് മേൽക്കൂര നിർമ്മാണം എന്ന പ്രവൃത്തിക്ക് പരാമർശം (1) പ്രകാരം ഭരണാനുമതി നല്കിയിരുന്നു. ടി ഉത്തരവിൽ പദ്ധതി നിർവ്വഹണത്തിനുള്ള തുക വിനിയോഗിക്കേണ്ട ശീർഷകമായി രേഖപ്പെടുത്തിയിരുന്നത് 5475 - 00 - 800 -91 - Projects Under LAC - ADS(NP) എന്നതാണ്. എന്നാൽ എം.എൽ.എ-മാരുടെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ തുക വിനിയോഗിക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ നിയന്ത്രണത്തിലുള്ള 4515-00-800-96 Project under LAC-ADS (NP) എന്ന ശീർഷകത്തിൽ നിന്നായതിനാൽ കട്ടപ്പന ഗ്രാമപഞ്ചായത്തിലെ മത്സ്യ മാർക്കറ്റിന് മേൽക്കൂര നിർമ്മാണം എന്ന പ്രവൃത്തിയുടെ ബിൽ തുകയുള്ള അലോട്ട്മെന്റ് അനുവദിക്കാൻ സാധിക്കുകയില്ലെന്നും ആയതിനാൽ പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ തുകയുടെ അലോട്ട്മെന്റ് അനുവദിയ്ക്കുന്നതിനായി, പ്രവൃത്തിയുടെ തുക വിനിയോഗിക്കേണ്ട ശീർഷകം 4515 - 00 -800 - 96 - Project Under LAC - ADS(NP എന്ന് ഭേദഗതി ചെയ്ത് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കണമെന്നും പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ അഭ്യർത്ഥിച്ചിരുന്നു. കട്ടപ്പന ഗ്രാമപഞ്ചായത്തിലെ മത്സ്യ മാർക്കറ്റിന് മേൽക്കൂര നിർമ്മാണം എന്ന പ്രവൃത്തിയുടെ തുക വിനിയോഗിക്കേണ്ട ശീർഷകം 4515 - 00 -800 - 96 - Project Under LAC - ADS(NP) എന്നാക്കി ഭേദഗതി ചെയ്തു നൽകുന്നതിന് ധനകാര്യ വകുപ്പും അനുമതി നൽകിയിട്ടുണ്ട് .

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. കട്ടപ്പന ഗ്രാമപഞ്ചായത്തിലെ മത്സ്യമാർക്കറ്റിനു മേൽക്കൂര നിർമ്മാണം എന്ന പ്രവർത്തിയുടെ നിർവ്വഹണ ചെലവ് 5475-00-800-96 Project under LAC ADS എന്ന ശീർഷകത്തിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ്

എഞ്ചിനീയറുടെ നിയന്ത്രണത്തിലുള്ള 4515-00-800-96 Project under LAC-ADS (NP) എന്ന ശീർഷകത്തിലേക്ക് മാറ്റി ഭരണാനുമതി പുതുക്കി നൽകി ഉത്തരവാകുന്നു.

പരാമർശം (1) ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**യു വി ജോസ് ഐ എ എസ്**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

ശ്രീ. റോഷി അഗസ്റ്റിൻ, എംഎൽഎ (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ഓഡിറ്റ്)തിരുവനന്തപുരം

ട്രഷറി ഡയറക്ടർ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ധനകാര്യ (നോഡൽ സെന്റർ ബി ) വകുപ്പ്

സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ